# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2936** **07.12.2018-ലെ മറുപടി**

## ഗാർഹിക വാട്ടർ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) കേരളാ വാട്ടർ അതോറിറ്റിയിൽ ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് പ്രകാരം ലൈസൻസ്ഡ് പ്ലംബർ മുഖേന അല്ലാതെ എത്ര ഗാർഹിക കണക്ഷൻ വാട്ടർ അതോറിറ്റി ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | എ) ഉണ്ട്; പ്രസ്തുത ഉത്തരവ് പ്രകാരം ലൈസൻസ്ഡ് പ്ലംബർ മുഖേന അല്ലാതെ 4146 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്; |
| ബി) പ്രസ്തുത ഉത്തരവ് പ്രകാരം ഓണർഷിപ്പ് സർട്ടിഫിക്കറ്റോ, റെസിഡൻഷ്യൽ സർട്ടിഫിക്കറ്റോ ഇല്ലാതെ മറ്റ് തിരിച്ചറിയൽ രേഖകൾ ആധാരമാക്കി എത്ര ഗാർഹിക കണക്ഷൻ ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുണ്ട് എന്നറിയിക്കാമോ; | ബി) മറ്റ് തിരിച്ചറിയൽ രേഖകൾ ആധാരമാക്കി 1983 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട് |
| സി) ഗാർഹിക കണക്ഷൻ ലഭിക്കുന്നതിനായി ഉപഭോക്താക്കൾ നേരിട്ട് സമർപ്പിച്ച അപേക്ഷകൾ ഉദ്യോഗസ്ഥർ നിരുത്സാഹപ്പെടുത്തുകയും പ്ലംബർ മുഖേനയെ അപേക്ഷ സമർപ്പിക്കാവൂ എന്ന് തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; | സി) ശ്രദ്ധയിൽപെട്ടിട്ടില്ല |
| ഡി) സാധാരണ ജനങ്ങളുടെ അറിവിലേക്കായി തിരിച്ചറിയൽ രേഖകളുടെ അടിസ്ഥാനത്തിൽ കേരളാ വാട്ടർ അതോറിറ്റി നേരിട്ട് വാട്ടർ കണക്ഷൻ നൽകും എന്ന അറിയിപ്പുകൾ എല്ലാ വാട്ടർ അതോറിറ്റി ഓഫീസിലും പ്രദർശിപ്പിക്കുമോ? | ഡി) ഭൂരിഭാഗം ഓഫീസുകളിലും അപ്രകാരം അറിയിപ്പുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ